**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 829** 04-03-2020-ലെ മറുപടി

**മൂലാട്-നടുവണ്ണൂർ റോഡ് നിർമ്മാണം**

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇറിഗേഷൻ ഭൂമിയിലൂടെ കടന്നു പോവുന്ന മൂലാട് -നടുവണ്ണൂർ റോഡിന്റെ നിർമ്മാണത്തിന് തടസമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തത് കാരണം റോഡ് നിർമ്മാണം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മൂലാട്-നടുവണ്ണൂർ റോഡിന്റെ നവീകരണത്തിനായി അനുമതി ലഭിക്കുന്നതിനുവേണ്ടി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (ബി) | മൂലാട് -നടുവണ്ണൂർ റോഡിന്റെ നവീകരണത്തിനായി അനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസലിൽ ചില കാര്യങ്ങളിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയറോടും കേരള വാട്ടർ അതോറിറ്റിയോടും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**